II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 'കളിയച്ഛൻ' ഏറ്റു പറച്ചിലിന്റെ കവിതയാണ് എന്ന നിരീക്ഷണത്തിന്റെ സാംഗത്യം ചർച്ച ചെയ്യുക.

9 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' നാഗരികതയുടെ ജീർണത അവതരിപ്പിക്കുന്നതെങ്ങനെ ?

10 കവികളുടെ പാരിസ്ഥിതിക ജാഗ്രതയ്ക്ക് മികച്ച ദൃഷ്ടാന്തമാണ് 'യുഗളപ്രസാദൻ' എന്ന കവിത —സമർത്ഥിക്കുക.

11 മാറിയ സാമൂഹിക പശ്ചാത്തലത്തിൽ 'ആസ്സാം പണിക്കർ' എന്ന കവിതയുടെ പുനർവായന എത്രത്തോളം പ്രസക്തമെന്ന് നിരീക്ഷിക്കുക.

12 'ലിപികൾ' നിർവഹിക്കുന്ന സാംസ്കാരിക ദൗത്യമെന്ത് ?

13 പി.പി. രാമചന്ദ്രൻ, കെ. ആർ. ടോണി എന്നീ കവികളുടെ രചനാശൈലിയുടെ പ്രധാന സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.

(4 × 10 = 40 marks)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

14 അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്, ആറ്റൂർ രവിവർമ്മ എന്നീ കവികൾ ആധുനിക കവിതയിൽ വ്യത്യസ്തമായ വഴിച്ചാലുകൾ നിർമ്മിച്ചവരാണ്—സ്വാഭിപ്രായം വിശദമാക്കുക.

15 മലയാള കവിതയിലെ പെൺ കരുത്ത് തച്ചന്റെ മകൾ, ആലപ്പുഴ വെള്ളം, മാട്രിമോണിയൽ എന്നീ രചനകളിൽ പ്രകടമാകുന്നതെങ്ങനെ ?

16 ഉത്തരാധുനിക കവിതയുടെ പ്രമേയതലങ്ങൾ പാഠ്യഭാഗങ്ങളെ മുൻനിർത്തി ക്രോഡീകരിക്കുക.

17 മലയാള കവിതയിലെ കാല്പനിക പ്രഭാവത്തെക്കുറിച്ച് ഉപന്യസിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

D 12217 (Pages : 2) Name.....................................

Reg. No..................................

# FIRST SEMESTER P.G. DEGREE EXAMINATION, NOVEMBER 2021

(CCSS)

Malayalam

MAL 1C 01—ANCIENT–MEDIEVAL POETRY

(പ്രാചീന-മധ്യകാല കവിത)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പേജിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

1 "പുത്തൂരം വിട്ടിലെ പെണ്ണുങ്ങളും
പാണനെ തുണ കൂട്ടി പോയിട്ടില്ല"
–സന്ദർഭവും ആശയവും വ്യക്തമാക്കുക.

2 "ചന്ദനലേപവും മന്ദമായ് വന്നുതേ
ചന്ദ്രികാസേവയോ പിന്നെയല്ലോ"
–സ്വാരസ്യം വ്യക്തമാക്കുക.

3 മുക്തകങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

4 ശ്രീകൃഷ്ണനെ കണ്ടു മടങ്ങുന്ന കുചേലന്റെ ചിന്തകൾ 'കുചേലവൃത്തം' വഞ്ചിപ്പാട്ടിനെ അടിസ്ഥാനമാക്കി ചുരുക്കി എഴുതുക.

5 നളചരിതം രണ്ടാം ദിവസത്തിൽ നളരാജധാനിയിലെ ഉദ്യാനഭംഗി വർണ്ണിച്ചിരിക്കുന്നതെപ്രകാരമാണ് ?

6 "സ്ത്രീണാം പ്രേമയദുത്തരോത്തരഗുണ-
ഗ്രാമ സ്പൃഹാ ചഞ്ചലം"
–സന്ദർഭവും ആശയവും വ്യക്തമാക്കുക.

7 മലയാള സാഹിത്യ ചരിത്രത്തിൽ ഉണ്ണുനീലി സന്ദേശത്തിനുള്ള പ്രാധാന്യം എന്ത് ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

8 മാപ്പിളപ്പാട്ടിന്റെ സാമൂഹിക സാംസ്കാരിക തലങ്ങൾ വിശകലനം ചെയ്യുക.

9 മലയാളഭാഷാ സാഹിത്യ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി നിരണം കൃതികളെ കാണുന്നതെന്തുകൊണ്ട് ? കണ്ണശ്ശ രാമായണത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

10 ഗഹനമായ വേദാന്ത വിഷയങ്ങൾ അതിലളിതവും ഹൃദയസ്പൃക്കായും ജ്ഞാനപ്പാനയിൽ വിശദീകരിച്ചിരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

11 വാമൊഴിക്കവിതാ പാരമ്പര്യത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

12 'കോമപ്പൻ' എന്ന കൃതി പച്ചമലയാള പ്രസ്ഥാനത്തോട് പ്രമേയപരമായും ഭാഷാപരമായും എത്രത്തോളം നീതി പുലർത്തുന്നുവെന്ന് വിലയിരുത്തുക.

13 മലയാള കാവ്യ സംസ്കാരത്തിന്റെ വികാസത്തിൽ കുചേലവൃത്തം വഞ്ചിപ്പാട്ട് നൽകിയ സംഭാവനയെന്ത് ?

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ഉണ്ണായി വാര്യരുടെ കഥാപാത്ര സൃഷ്ടിയിലുള്ള വൈദഗ്ദ്ധ്യം നളചരിതം രണ്ടാം ദിവസത്തെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

15 മലയാള വരമൊഴി സാഹിത്യത്തിൽ രാമചരിതത്തിനുള്ള പ്രാധാന്യം വിലയിരുത്തുക.

16 'സത്യാസ്വയംവര'ത്തെ മുൻനിർത്തി തുള്ളൽക്കവിതകളുടെ പൊതു സ്വഭാവങ്ങൾ പരിശോധിക്കുക.

17 'ഉദ്യാനപ്രവേശ'ത്തിൽ അഴകിയ രാവണനെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 83906 (Pages : 4 + 2 = 6) Name.....................................

Reg. No..................................

**M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020**

(PVT/SDE)

M.A. Malayalam–First Semester

MAL 1C 04—**മലയാള വ്യാകരണം** (MALAYALAM GRAMMAR)

(2019 Admissions)

**Part A**

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | | | | | | | | | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (a), (b), (c) and (d) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

MAL 1C 04—**മലയാള വ്യാകരണം** (MALAYALAM GRAMMAR)

## Part A

1. തെലുഗു ഭാഷയിലെ ആദ്യ വ്യാകരണ ഗ്രന്ഥമേത് ?
   - (a) ലീലാതിലകം.
   - (b) ശബ്ദചിന്താമണി.
   - (c) ജൈനേന്ദ്ര വ്യാകരണം.
   - (d) ചാന്ദ്ര വ്യാകരണം.
2. മലയാളികൾക്കു വേണ്ടി ഒരു സ്വദേശിയൻ മലയാള ഭാഷയിൽ രചിച്ച ആദ്യ വ്യാകരണ ഗ്രന്ഥമേത് ?
   - (a) ലീലാതിലകം.
   - (b) വ്യാകരണമിത്രം.
   - (c) കേരള പാണിനീയം.
   - (d) മലയാഴ്മയുടെ വ്യാകരണം.
3. "A Comparative Grammar of the Dravidian or South Indian Family of Languages" എന്ന ഗ്രന്ഥം ആരുടേതാണ് ?
   - (a) കാൽഡ്വൽ.
   - (b) ഗുണ്ടർട്ട്.
   - (c) ജോസഫ് പീറ്റ്.
   - (d) എഫ് സ്പ്രിംഗ്.
4. കൺ + തീതു - കണ്ടീതു എന്നാകുന്ന ലീലാതിലക സന്ധി നിയമമേത് ?
   - (a) നോണഃ.
   - (b) ളോനേ.
   - (c) നേനഃ.
   - (d) ണസ്ലസ്യടഃ
5. 'പ്രകൃതി'ക്കു സമാനമായി ഉപയോഗിക്കുന്ന മറ്റൊരു പേര് ?
   - (a) നാമം.
   - (b) ശബ്ദം.
   - (c) പദം.
   - (d) വർണം.
6. മലയാളത്തിലെ ലിംഗവ്യവസ്ഥ എന്തിനെയനുസരിച്ചാണ് വ്യവസ്ഥാപിതമായിരിക്കുന്നത് ?
   - (a) ശബ്ദം.
   - (b) അർത്ഥം.
   - (c) സന്ദർഭം.
   - (d) പ്രകൃതി.
7. വാക്യത്തിൽ ക്രിയയ്ക്കും അതിനോടു ചേർന്നു വരുന്ന നാമങ്ങൾക്കും തമ്മിലുള്ള ആർത്ഥികബന്ധത്തെ സൂചിപ്പിക്കാൻ നാമങ്ങളോടു ചേർക്കുന്ന പ്രത്യയങ്ങൾ വിഭക്തിയെന്നു 'മലയാളത്തിലെ നാമവർഗം' എന്ന ഗ്രന്ഥത്തിൽ നിർവ്വചിച്ചതാര് ?
   - (a) ഡോ കെ.എം. പ്രഭാകരവാരിയർ.
   - (b) ഡോ കെ. ശ്രീകുമാരി.
   - (c) എൽ.വി. രാമസ്വാമി.
   - (d) ശേഷഗിരി പ്രഭു.
8. കർത്താവു ചെയ്യുന്ന ക്രിയയ്ക്കു ആധാരമായി നിൽക്കുന്ന കാരകമേത് ?
   - (a) സ്വാമി കാരകം.
   - (b) സാക്ഷി കാരകം.
   - (c) കരണ കാരകം.
   - (d) അധികരണ കാരകം.

CHMK LIBRARY UNIVERSITY OF CALICUT

9. വിശേഷാർത്ഥങ്ങളെയൊന്നും വെളിപ്പെടുത്താതെ ധാതുവിന്റെ അർത്ഥത്തെ മാത്രം കാട്ടുന്നത് ഏത് പ്രകാരമാണ് ?

(a) അനുജ്ഞായകം. (b) വിധായകം.

(c) നിയോജകം. (d) നിർദ്ദേശകം.

10. ലീലാതിലകത്തിന് ശൂരനാട്ടു കുഞ്ഞൻപിള്ള നല്കിയ വ്യാഖ്യാനത്തിന്റെ പേരെന്ത് ?

(a) കൈരളീ തിലകം. (b) കാന്താര താരകം.

(c) ഭാഷാ കൈരളി. (d) ഭാഷാസുധ.

11. ഇടനിലയ്ക്ക് പറയുന്ന മറ്റൊരു പേര് :

(a) കാരകം. (b) അംഗപ്രത്യയം.

(c) ലിംഗ പ്രത്യയം. (d) വചന പ്രത്യയം.

12. 'നാമങ്ങൾക്ക് പ്രതിയായി ചൊല്ലപ്പെടുന്നവ പ്രതിസംജ്ഞകൾ തന്നെ' എന്ന് സർവ്വനാമത്തെ നിർവ്വചിച്ചതാര് ?

(a) ജോർജ് മാത്തൻ. (b) കുട്ടികൃഷ്ണ മാരാർ.

(c) ഗുണ്ടർട്ട്. (d) കെ. ശ്രീകുമാരി.

13. ഭേദകങ്ങൾക്ക് കേരളപാണിനി എത്ര പിരിവുകൾ കല്പിച്ചിട്ടുണ്ട് ?

(a) 6. (b) 7.

(c) 8. (d) 5.

14. കാരകമില്ലാത്ത വിഭക്തി ഏത് ?

(a) സംബന്ധിക. (b) സംബോധന.

(c) നിർദ്ദേശിക. (d) പ്രതിഗ്രാഹിക.

15. " 'അം' പ്രത്യയം ദന്ത്യനാന്ത-

മായിരുന്നെങ്കിൽ നന്നഹോ"

—ആരുടെ അഭിപ്രായം ?

(a) ഗോപിക്കുട്ടൻ. (b) പ്രഭാകര വാര്യർ കെ.എം.

(c) ഏ. ആർ. രാജരാജവർമ്മ. (d) ഇ.വി.എൻ. നമ്പൂതിരി.

16. മൺ + തീതു - ചേർത്തെഴുതുക.

(a) മണ്ടീതു. (b) മണ്ണിതു.

(c) മൺതീതു. (d) മത്തീതു.

17. കേരളപാണിനീയം ഏതു വ്യാകരണപദ്ധതിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത് ?

(a) അഭ്യൂഹ വ്യാകരണം. (b) വ്യതിരേകാത്മക വ്യാകരണം.

(c) താരതമ്യ വ്യാകരണം. (d) ആഗമിക വ്യാകരണം.

CHMK LIBRARY UNIVERSITY OF CALICUT

18. വിനാമക്രിയ ചർച്ച ചെയ്യുന്നത് ഏതു സന്ധികാര്യ ചർച്ചയിലാണ് ?

    (a) ആഗമസന്ധി.
    (b) ലോപസന്ധി.
    (c) ആദേശസന്ധി.
    (d) ദിത്വസന്ധി.

19. മലയാളത്തിലെ വർത്തമാനകാല പ്രത്യയത്തിന്റെ പൂർവ്വരൂപം 'ഉതു'വാണെന്ന് നിഷ്പാദിച്ച വൈയ്യാകരണൻ :

    (a) പി.എസ്. സുബ്രഹ്മണ്യൻ.
    (b) എം. ലീലാവതി.
    (c) കാൽഡ്വൽ.
    (d) സി.എൻ. ആന്റണി.

20. "അതിനെ സ്വരമായിട്ടേ

    വക വയ്ക്കേണ്ട സന്ധിയിൽ"

    —ഏതിനെ ?

    (a) സംവൃത 'ഉ്'കാരത്തെ.
    (b) വിവൃത 'ഉ്'കാരത്തെ.
    (c) വിസർഗത്തെ.
    (d) അകാരത്തെ.

CHMK LIBRARY UNIVERSITY OF CALICUT

**C 83906** (Pages : 2) Name..................................

Reg. No..................................

# M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020

(PVT/SDE)

M.A. Malayalam–First Semester

MAL 1C 04—**മലയാള വ്യാകരണം** (MALAYALAM GRAMMAR)

(2019 Admissions)

Time : Three Hours Maximum : 30 Weightage

## Part B

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 ഭാഷാപഠനത്തോടുള്ള സമീപനത്തിന്റെ കാര്യത്തിൽ ഭാഷാശാസ്ത്രവും വ്യാകരണവും തമ്മിലുള്ള വ്യത്യാസമെന്ത് ?

2 ദ്യോതകം എന്നാൽ എന്ത് ? അവാന്തരവിഭാഗങ്ങൾ ഏവ ?

3 മലയാളത്തിലെ ലിംഗ പ്രത്യയങ്ങളെക്കുറിച്ച് വിവരിക്കുക.

4 സംബന്ധികയും സംബോധനയും വിഭക്തികളല്ല എന്ന അഭിപ്രായം സ്വീകാര്യമോ ?

5 വിശിഷ്ടക്രിയ, നിഗീർണ്ണ കർത്തൃക ക്രിയ ഇവ നിർവവചിച്ച് ഉദാഹരിക്കുക.

6 "ഇതത്രേ രൂപനിഷ്പത്തി-

നയം ദ്രാവിഡ ഭാഷയിൽ"

—ദ്രാവിഡഭാഷകളിലെ രൂപനിഷ്പത്തിനയം എന്താണ് ? മലയാളം അതിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

7 മലയാളത്തിലെ നിഷേധ വാക്യങ്ങളുടെ ഘടന വ്യക്തമാക്കുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

8 മിഷനറിമാർ രചിച്ച മലയാള വ്യാകരണ ഗ്രന്ഥങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.

9 മലയാളത്തിലെ നാമവിഭാഗങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

10 വ്യാകരണ പഠനത്തിലെ വിവിധ സമീപന രീതികളെക്കുറിച്ച് പ്രതിപാദിക്കുക.

11 മലയാളത്തിലെ വർത്തമാന കാലാഖ്യാതത്തിന്റെ നിഷ്പത്തിയെക്കുറിച്ചുള്ള കേരളപാണിനിയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

12 പ്രകാരം എന്നാൽ എന്ത് ? എത്ര വിധം ? സോദാഹരണം വിശദമാക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

13 വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

14 പുതിയ പദങ്ങളുടെ രൂപവത്കരണത്തിൽ സമാസങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക :

15 കേരളപാണിനീയത്തിലെയും ലീലാതിലകത്തിലെയും സന്ധികാര്യങ്ങൾ താരതമ്യം ചെയ്യുക.

16 അനുപ്രയോഗം എന്നാൽ എന്ത് ? എത്ര വിധം ? കാലപരിച്ഛേദ ഗണനകളിൽ അനുപ്രയോഗങ്ങളുടെ സാധ്യതകൾ വിലയിരുത്തുക.

17 നാമവിശേഷണം, ക്രിയാവിശേഷണം എന്നിവയെ സ്വതന്ത്ര പദവിഭാഗങ്ങളായി പരിഗണിക്കുന്നതിനെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ അഭിപ്രായങ്ങൾ സംക്ഷേപിക്കുക.

18 വിവിധ ഉപാധികളുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ ക്രിയാവിഭജനം കേരളപാണിനി നിർവഹിച്ചിരിക്കുന്നതെങ്ങനെ ?

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 83905 (Pages : 4 + 2 = 6) Name.....................................

Reg. No..................................

# M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020

(PVT/SDE)

M.A. Malayalam–First Semester

MAL 1C 03—കേരളം : ദേശവും സംസ്കാരവും

(KERALA : REGION AND CULTURE)

(2019 Admissions)

**Part A**

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

Time : 15 Minutes Total No. of Questions : 20

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (a), (b), (c) and (d) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

# MAL 1C 03—കേരളം : ദേശവും സംസ്കാരവും

## (KERALA : REGION AND CULTURE)

## Part A

1. മൈസൂർ കേരളത്തെ ആക്രമിച്ചത് ഏത് ചുരം വഴി ?
   (a) പാലക്കാടൻ ചുരം. (b) താമരശ്ശേരി ചുരം.
   (c) പേരമ്പാടി ചുരം. (d) നാടുകാണി ചുരം.
2. പോർച്ചുഗീസുകാർക്ക് മുൻപ് കേരളവുമായി വ്യാപാര ബന്ധമുണ്ടായിരുന്ന വിദേശികൾ ആര് ?
   (a) ഡച്ചുകാർ. (b) ഇംഗ്ലീഷുകാർ.
   (c) ഫ്രഞ്ചുകാർ. (d) അറബികൾ.
3. സംഘകാലത്ത് യുദ്ധത്തിൽ രാജാവ് മരണപ്പെട്ടാൽ യുദ്ധം നിർത്തി നടത്തുന്ന നൃത്തത്തിന്റെ പേരെന്ത് ?
   (a) വിറലിക്കൂത്ത്. (b) തുണൈക്കൂത്ത്.
   (c) അങ്കക്കൂത്ത്. (d) കുരവൈക്കൂത്ത്.
4. മരുതത്തിലെ ദൈവം ആരായിരുന്നു ?
   (a) കണ്ണൻ. (b) ശിവൻ.
   (c) ഇന്ദ്രൻ. (d) മുരുകൻ.
5. രാജാക്കന്മാരെ പിൻതുണയ്ക്കുന്നതിന് അളവറ്റ ഭൂമിയും സ്വർണ്ണവും നേടിയെടുത്തതാര് ?
   (a) ബ്രാഹ്മണർ. (b) വൈശ്യർ.
   (c) ക്ഷത്രിയർ. (d) ശൂദ്രർ.
6. "നന്ദി മറക്കുക നന്നല്ല, നന്നല്ലവ
   അന്നേ മറക്കുക നന്നേ"
   —ഏതു കാവ്യത്തിലെ വരികൾ ?
   (a) കുണ്ഡലകേശി. (b) വളയാപതി.
   (c) തിരുക്കുറൾ. (d) ചിലപ്പതികാരം.
7. തമിഴ് ബൈബിൾ എന്നു വിളിക്കപ്പെടുന്ന കൃതി :
   (a) ചിലപ്പതികാരം. (b) കുണ്ഡലകേശി.
   (c) വളയാപതി. (d) തിരുക്കുറൾ.
8. മണിമേഖലയിലെ പ്രതിപാദ്യം എന്ത് ?
   (a) ജൈനമത തത്വങ്ങൾ. (b) ഹിന്ദുമത തത്വങ്ങൾ.
   (c) ബുദ്ധമത തത്വങ്ങൾ. (d) ക്രിസ്തുമത തത്വങ്ങൾ.

CHMK LIBRARY UNIVERSITY OF CALICUT

9. ബിസി മൂന്നിനും എ.ഡി. രണ്ടിനും ഇടയ്ക്കുള്ള കാലത്തെയാണ് ഈ ചരിത്രകാരൻ സംഘകാലമായി പരിഗണിക്കുന്നത്. ആര് ?

(a) പി.കെ. ബാലകൃഷ്ണൻ. (b) കെ.കെ. കൊച്ച്.

(c) എം.ജി.എസ്. നാരായണൻ. (d) രാജൻ ഗുരുക്കൾ.

10. വിദ്യ അഭ്യസിക്കാൻ ശ്രമിച്ച അവർണ്ണർക്ക് ലഭിച്ച ശിക്ഷ എന്തായിരുന്നു ?

(a) തടവു ശിക്ഷ. (b) നാടു കടത്തൽ.

(c) ചാട്ടവാറടി. (d) മരണശിക്ഷ.

11. കേരളത്തിലെ ബുദ്ധമതത്തെപ്പറ്റി അറിവു തരുന്ന ശാസനമേത് ?

(a) ഗിർണർ ശാസനം. (b) തരിസാപ്പള്ളി ശാസനം.

(c) മാമ്പള്ളി ശാസനം. (d) അവിട്ടത്തൂർ ശാസനം.

12. ആയുർവ്വേദ ചികിത്സാ പദ്ധതിക്ക് കേരളത്തിൽ ലഭിച്ച വലിയ പ്രചാരം ഏതു മതത്തിന്റെ സംഭാവനയാണ് ?

(a) ഹിന്ദുമതം. (b) ജൈനമതം.

(c) ബുദ്ധമതം. (d) ജൂതമതം.

13. 'പെരുമാൾ തിരുമൊഴി' രചിച്ചത് ആര് ?

(a) ഇന്ദുക്കോതവർമ്മ. (b) രാജശേഖരവർമ്മ.

(c) സ്ഥാണുരവിവർമ്മ. (d) കുലശേഖരവർമ്മ.

14. വാഴപ്പള്ളി ശാസനം പുറപ്പെടുവിച്ചതാര് ?

(a) കുലശേഖരവർമ്മ. (b) ഇന്ദുക്കോതവർമ്മ.

(c) രാജശേഖരവർമ്മ. (d) സ്ഥാണുരവിവർമ്മ.

15. മാമാങ്കത്തിന്റെ രക്ഷാപുരുഷൻ ആര് ?

(a) കോലത്തിരി. (b) വള്ളുവകോനാതിരി.

(c) പരപ്പനാട് രാജാവ്. (d) സാമൂതിരി.

16. ആധുനിക മലയാളിയെ രൂപപ്പെടുത്തിയത് കൊളോണിയൽ വിദ്യാഭ്യാസത്തിലൂടെയായിരുന്നുവെന്ന് അഭിപ്രായപ്പെട്ട ചിന്തകൻ :

(a) കെ.കെ. കൊച്ച്. (b) സണ്ണി എം. കപിക്കാട്.

(c) ചെന്താരശ്ശേരി. (d) കല്പറ്റ സുകുമാരൻ.

17. തനിക്ക് സന്യാസം തന്നത് കൊളോണിയൽ ഭരണമാണെന്ന് പറഞ്ഞതാര് ?

(a) ശ്രീനാരായണ ഗുരു. (b) കുമാരനാശാൻ.

(c) വാഗ്ഭടാനന്ദൻ. (d) പൊയ്കയിൽ കുമാരഗുരു.

CHMK LIBRARY UNIVERSITY OF CALICUT

18. ഹോർത്തൂസ് മലബാറിക്കസ് ആര് ലോകത്തിന് നൽകിയ സംഭാവനയാണ് ?

    (a) ഡച്ചുകാർ.
    (b) ഇംഗ്ലീഷുകാർ.
    (c) പോർച്ചുഗീസുകാർ.
    (d) ഫ്രഞ്ചുകാർ.

19. പ്രത്യക്ഷരക്ഷാ ദൈവസഭയുടെ സ്ഥാപകൻ ആര് ?

    (a) ശ്രീനാരായണഗുരു.
    (b) പൊയ്കയിൽ കുമാരഗുരു.
    (c) ചാവറയിൽ അപ്പച്ചൻ.
    (d) വാഗ്ഭടാനന്ദൻ.

20. ഇസ്ലാമിനിടയിൽ നില നിന്നിരുന്ന അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും അവരെ രക്ഷപ്പെടുത്താൻ പ്രയത്നിച്ച നവോത്ഥാന നായകൻ :

    (a) വക്കം അബ്ദുൾഖാദർ മൗലവി.
    (b) മക്തിതങ്ങൾ.
    (c) വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി.
    (d) ആലി മുസ്ലിയാർ.

CHMK LIBRARY UNIVERSITY OF CALICUT

**C 83905** (Pages : 2) Name.....................................

Reg. No..................................

**M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020**

(PVT/SDE)

M.A. Malayalam–First Semester

MAL 1C 03—**കേരളം : ദേശവും സംസ്കാരവും**

(KERALA : REGION AND CULTURE)

(2019 Admissions)

Time : Three Hours Maximum : 30 Weightage

**Part B**

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് 2 വീതം :

1 സംഘം കൃതികൾ എന്നാലെന്ത് ? അവ ഏതെല്ലാം ? ഓരോന്നിനെക്കുറിച്ചും കുറിപ്പുകൾ തയ്യാറാക്കുക.

2 ഐക്യകേരള പ്രസ്ഥാനം—കുറിപ്പെഴുതുക.

3 കളരി സമ്പ്രദായത്തിന്റെ ഉത്ഭവത്തിലേക്കു നയിച്ച സാമൂഹികാവസ്ഥകളെന്തായിരുന്നു ?

4 കേരള സംസ്കാരത്തിന് ബുദ്ധമതം നല്കിയ സംഭാവനയെന്ത് ?

5 ഐന്തിണകൾ എന്നാലെന്ത് ? ഏതെല്ലാം ? ഓരോന്നിനെക്കുറിച്ചും കുറിപ്പുകൾ തയ്യാറാക്കുക.

6 മലബാർ ലഹളയുടെ പശ്ചാത്തലമെന്തായിരുന്നു ?

7 സമകാല കേരളീയ ജീവിതത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന്ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 3 വീതം :

8 പഴന്തമിഴ് പാട്ടുകളിലെ സ്ത്രീ-പുരുഷ ബന്ധം, സാമൂഹ്യ ബന്ധങ്ങൾ എന്നിവയെപ്പറ്റി വിവരിക്കുക.

9 ബ്രാഹ്മണാധിനിവേശം കേരളത്തിലുണ്ടാക്കിയ സാമൂഹ്യ പരിണാമങ്ങളെപ്പറ്റി വിശദമാക്കുക.

10 'അച്ചടിയും പത്രമാസികകളും' കേരള നവോത്ഥാനത്തിൽ വഹിച്ച പങ്ക് നിസ്തുലമാണ് —ഉപപാദിക്കുക.

11 കേരളത്തിലുണ്ടായ വിമോചന സമരത്തിന്റെ കാര്യ കാരണങ്ങൾ വ്യക്തമാക്കുക.

12 കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന രംഗത്ത് ചട്ടമ്പി സ്വാമി, ശ്രീനാരായണ ഗുരു എന്നിവർ വഹിച്ച പങ്കിനെപ്പറ്റി വിശകലനം ചെയ്യുക.

13 രണ്ടാം ചേര രാജാക്കന്മാരുടെ കാലത്ത് സാഹിത്യം, കല, ശാസ്ത്രം എന്നീ മേഖലകളിലുണ്ടായ വികാസത്തെപ്പറ്റി ഉപപാദിക്കുക.

14 കേരളത്തിൽ ജൈന-ബുദ്ധമതങ്ങളുടെ അപചയത്തിനിടയാക്കിയ സാഹചര്യങ്ങളെപ്പറ്റി വിശകലനം ചെയ്യുക.

(4 × 3 = 12 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 5 വീതം :

15 കേരളത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിന് പ്രവാസികൾ നല്കുന്ന സംഭാവനകൾ—വിലയിരുത്തുക.

16 സംഘകാലകേരളം ചലനാത്മകമായ ഒരു സാമൂഹിക ജീവിതത്തിന്റെ ചിത്രമാണ് അവതരിപ്പിക്കുന്നത്—ഉപന്യസിക്കുക.

17 വാസ്തുവിദ്യ, ആയുർവ്വേദം, ജ്യോതിശ്ശാസ്ത്രം എന്നീ മേഖലകളെ മുൻനിർത്തി കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യത്തെപ്പറ്റി വിശകലനം ചെയ്യുക.

18 ജന്മി സമ്പ്രദായത്തിന്റെ ഉത്ഭവ-പതനത്തിനുള്ള കാരണങ്ങളെപ്പറ്റി ഉപന്യസിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 83904** (Pages : 4 + 2 = 6) Name..........................................

Reg. No......................................

**M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020**

(PVT/SDE)

M.A. Malayalam–First Semester

MAL 1C 02—ആധുനിക കവിത

(MODERN POETRY)

(2019 Admissions)

**Part A**

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (a), (b), (c) and (d) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

MAL 1C 02—**ആധുനിക കവിത** (MODERN POETRY)

## Part A

1. കാല്പനിക സാഹിത്യത്തിന്റെ പ്രകടന പത്രിക എന്ന നിലയിൽ അറിയപ്പെടുന്ന ഒരു ആമുഖം ഏതു കൃതിയുടെ കൂടെയാണ് വന്നിട്ടുള്ളത് ?
   - (a) കവിതയ്ക്കൊരു പ്രതിരോധം.
   - (b) വേസ്റ്റ്ലാൻഡ്.
   - (c) ദി ലിറിക്കൽ ബല്ലാഡ്സ്.
   - (d) കാവ്യകല.
2. പത്തു പദ്യങ്ങളടങ്ങുന്ന ഒരു മതനിരപേക്ഷ പ്രാർത്ഥനയാണ് ————————.
   - (a) അനുഭൂതി ദശകം.
   - (b) അനുകമ്പാദശകം.
   - (c) ദൈവദശകം.
   - (d) ആത്മോപദേശശതകം.
3. കവിതയുമായി ബന്ധപ്പെട്ട ഭാവുകത്വവിഘടനം എന്ന ഒരു ആശയം മുന്നോട്ടുവെച്ചതാര് ?
   - (a) സാമുവൽ ടെയ്‌ലർ കോളറിഡ്ജ്.
   - (b) വർഡ്സ് വർത്ത്.
   - (c) പി.ബി. ഷെല്ലി.
   - (d) ടി.എസ്. എലിയറ്റ്.
4. വള്ളത്തോൾക്കവിതകളെ സംബന്ധിച്ച് ശൈലീനിഷ്ഠമായ പഠനമെഴുതിയത് :
   - (a) ഡോ: കെ.എം. അനിൽ.
   - (b) ഡോ: അനിൽ വള്ളത്തോൾ.
   - (c) ഡോ: എം. ലീലാവതി.
   - (d) ഡോ: പി.കെ. തിലക്.
5. കാവ്യകല കുമാരനാശാനിലൂടെ എന്ന കൃതിയുടെ രചയിതാവ് :
   - (a) കെ. ബാലകൃഷ്ണപിള്ള.
   - (b) പി.കെ. ബാലകൃഷ്ണൻ.
   - (c) പി.കെ. രാജശേഖരൻ.
   - (d) പി.കെ. പരമേശ്വരൻ നായർ.
6. ശ്രീനാരായണ ഗുരുവിന്റെ ഒരു തമിഴ് കൃതിയാണ് :
   - (a) നന്നൂൽ.
   - (b) തിരുക്കുറൾ.
   - (c) കരുപ്പൊരുൾ.
   - (d) തേവാരപ്പതികങ്കൾ.
7. 'കാല്പനിക പ്രണയത്തിന്റെ പുഞ്ചിരിയും കണ്ണീരും ഉൾപ്പുളകവും ഉൾക്കണ്ഠയും അദ്ദേഹം സരളകോമള ഗാനമായി ഒഴുക്കി' എന്ന് ചങ്ങമ്പുഴയെപ്പറ്റി പ്രസ്താവിച്ചതാര് ?
   - (a) ജി. കുമാരപ്പിള്ള.
   - (b) കെ.ജി. ശങ്കരപ്പിള്ള.
   - (c) ജി. ശങ്കരക്കുറുപ്പ്.
   - (d) ജി. മധുസൂദനൻ.
8. താഴെക്കൊടുത്തതിൽ ഒരു സിംബലിസ്റ്റിക് കവി :
   - (a) കെ.ജി. ശങ്കരപ്പിള്ള.
   - (b) ജി. ശങ്കരക്കുറുപ്പ്.
   - (c) വള്ളത്തോൾ നാരായണ മേനോൻ.
   - (d) ചങ്ങമ്പുഴ കൃഷ്ണപിള്ള.
9. 'ഞാനൊരു വെറും സൗന്ദര്യാത്മക കവി മാത്രം' എന്നു പ്രഖ്യാപിച്ച മലയാള കവി :
   - (a) ജി. ശങ്കരക്കുറുപ്പ്.
   - (b) ചങ്ങമ്പുഴ കൃഷ്ണപിള്ള.
   - (c) വൈലോപ്പിള്ളി ശ്രീധരമേനോൻ.
   - (d) പി. കുഞ്ഞിരാമൻ നായർ.

CHMK LIBRARY UNIVERSITY OF CALICUT

10. 'ദുർമ്മുഖം കാണേണ്ടെനിക്ക്' എന്നു പറഞ്ഞതാര് ?

(a) നടൻ. (b) ദേശികൻ.

(c) ശിഷ്യൻ. (d) സഹനടൻ.

11. 'പുരുഷന്റെ കുമ്പസാരമാണ് മഴുവിന്റെ കഥ' എന്നു പ്രസ്താവിച്ചത് ആര് ?

(a) ഡോ : ലീലാവതി. (b) ഡോ : സജയ് കെ.വി.

(c) ഡോ : എം.എസ്. പോൾ (d) ഡോ : കല്പറ്റ ബാലകൃഷ്ണൻ.

12. "ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവെ"

—എന്നാരംഭിക്കുന്ന കവിത.

(a) പാർക്കിൽ. (b) ബോധാഗ്നി.

(c) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം. (d) തരിശുനിലങ്ങളിലേക്ക്.

13. "മനുഷ്യർ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു"

—എന്ന പ്രസിദ്ധമായ സിനിമാഗാനം എഴുതിയത് ആര് ?

(a) ആറ്റൂർ രവിവർമ്മ. (b) വയലാർ രാമവർമ്മ.

(c) യൂസഫലി കേച്ചേരി. (d) റഫീക് അഹമ്മദ്.

14. വിപ്ലവകവി എന്നറിയപ്പെടുന്ന ഒരു കവിയാണ് :

(a) യൂസഫലി കേച്ചേരി. (b) വയലാർ രാമവർമ്മ.

(c) എൻ.വി. കൃഷ്ണവാരിയർ. (d) വൈലോപ്പിള്ളി ശ്രീധരമേനോൻ.

15. ഗജേന്ദ്രമോക്ഷം എന്ന കവിതയിൽ പരാമർശിക്കുന്ന ശാപം കിട്ടി ആനയായി മാറിയ പുരാണ കഥാപാത്രം :

(a) ദേവായൻ. (b) ഇന്ദ്രദ്യുമ്നൻ.

(c) ഇന്ദ്രൻ. (d) ഹുഹു.

16. സംസ്കൃതത്തിൽ എഴുതിയ ഗാനത്തിന് ദേശീയ അവാർഡ് ലഭിച്ച ഏക മലയാള കവി :

(a) വിഷ്ണുനാരായണൻ നമ്പൂതിരി. (b) വയലാർ രാമവർമ്മ.

(c) ഒ.എൻ.വി. കുറുപ്പ്. (d) യൂസഫലി കേച്ചേരി.

17. "കുതിരയ്ക്ക് കൊമ്പുണ്ടെന്ന് നേതാവു പ്രഖ്യാപിച്ചാൽ നട്ടെല്ലൂരിയെടുത്ത് നെറ്റിയിലൊട്ടിച്ച് പ്രഖ്യാപനത്തെ സാർത്ഥമാക്കുന്ന നട്ടെല്ലു നഷ്ടപ്പെട്ട അനുയായി വർഗ്ഗത്തെ കളിയാക്കുന്ന കുതിരക്കൊമ്പ് ....." എന്നു പറഞ്ഞതാര് ?

(a) ഡോ : പി.കെ.രാജശേഖരൻ. (b) ഡോ : എം. ലീലാവതി.

(c) ഡോ : സുകുമാർ അഴീക്കോട്. (d) ഡോ : കെ.എം. ജോർജ്.

CHMK LIBRARY UNIVERSITY OF CALICUT

18. മിശ്രരചന (pastiche) എന്ന വ്യത്യസ്തമായ ഒരു കാവ്യരചനാശൈലി കവിതയിൽ പ്രയോഗിക്കുന്ന കവി :

(a) എസ്. ജോസഫ്. (b) പി.പി. രാമചന്ദ്രൻ.

(c) റഫീക്ക് അഹമ്മദ്. (d) കെ.ആർ. ടോണി.

19. പാരഡിയുടെ ഉത്തരാധുനിക സാധ്യതകൾ കവിതയിൽ പ്രയോഗിച്ച കവി :

(a) അയ്യപ്പൻ. (b) സച്ചിദാനന്ദൻ.

(c) കെ.ആർ. ടോണി. (d) ബാലചന്ദ്രൻ ചുള്ളിക്കാട്.

20. തീക്ഷ്ണമായ ദളിത് സ്വത്വപ്രതിസന്ധിയെ അവതരിപ്പിക്കുന്ന കവിതകൾ എഴുതിയത് :

(a) കെ. ആർ. ടോണി. (b) ബിന്ദു കൃഷ്ണൻ.

(c) എസ്. ജോസഫ്. (d) എ. അയ്യപ്പൻ.

CHMK LIBRARY UNIVERSITY OF CALICUT

C 83904 (Pages : 2) Name..................................

Reg. No..................................

# M.A. (PREVIOUS) DEGREE [CBCSS] EXAMINATION, APRIL/MAY 2020

(PVT/SDE)

M.A. Malayalam–First Semester

MAL 1C 02—**ആധുനിക കവിത**

(MODERN POETRY)

(2019 Admissions)

Time : Three Hours Maximum : 30 Weightage

**Part B**

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് 2 വീതം :

1 'മനസ്സാൽ ചെയ്യപ്പെട്ട പാപമേ ഗുരുതരം'—വക്താവാര് ? സാഹചര്യം വ്യക്തമാക്കുക.

2 മേഘരൂപനോടുള്ള തന്റെ മനോഭാവം കവി വ്യക്തമാക്കുന്നതെങ്ങനെ ?

3 "ആരണ്യക, മണ്ണിൽ കൺമണി-
മാർകളെ മീളുന്നു നീ"
—ഈ വരികളുടെ അർത്ഥധ്വനിയെന്ത് ?

4 മർത്യതാ ദർപ്പണത്തിന് മാപ്പ് ചോദിക്കുന്ന കവി ഭാവത്തിന്റെ മനോഹാരിത വിശകലനം ചെയ്യുക.

5 "അറിയുമേ ഞങ്ങളറിയും നീതിയും
നെറിയും കെട്ടൊരീപ്പിറന്ന നാടിനെ"
—ഈ പ്രസ്താവനയുടെ പശ്ചാത്തലം വിവരിക്കുക.

6 "താറുമാറായിപ്പോയി സാധുവിൻ
പ്രജ്ഞാനീയം"—എപ്പോൾ ? സന്ദർഭം വിശദമാക്കുക.

7 "പദേപദേ നാം പ്രമുദിതർ കാണ്മൂ
ഭവാങ്ഘ്രി ഗോഷ്പദമായ് "
—ഇതിന്റെ സാധുതയെന്ത് ?

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് 3 വീതം :

8 ഒരു ദാർശനിക കൃതി എന്ന നിലയിൽ 'ദൈവദശക'ത്തിന്റെ പ്രസക്തിയെന്തെന്ന് നിർണ്ണയിക്കുക.

9 'ചങ്ങമ്പുഴയുടെ സ്ത്രീസങ്കല്പവും കാവ്യസങ്കല്പവും മനസ്വിനിയിലുണ്ട്'—ഉപന്യസിക്കുക.

10 നളിനിയിലെ ദൃശ്യാംശത്തെക്കുറിച്ച് വിശകലനം ചെയ്യുക.

CHMK LIBRARY UNIVERSITY OF CALICUT

Turn over

11 യുദ്ധഭൂമിയിൽ രാമസായകമേറ്റു നിലം പതിച്ച ലങ്കേശ്വരനെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

12 'പാർക്കിൽ' എന്ന കവിത അവതരിപ്പിക്കുന്ന സാംസ്കാരിക സംഘർഷം എന്തെന്ന് നിരൂപിക്കുക.

13 'സത്യവാങ്മൂലം എന്ന കവിത നിരത്തുന്ന സത്യത്തിന്റെ വിഭിന്ന മുഖങ്ങൾ എന്തൊക്കെയാണെന്ന് വെളിവാക്കുക.

14 ദളിത് കവിത എന്ന സങ്കല്പം എസ്. ജോസഫിന്റെ കവിതയ്ക്ക് എത്രത്തോളം അനുയോജ്യമാകുന്നുണ്ടെന്ന് വിലയിരുത്തുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് 5 വീതം :

15 ആധുനിക മനുഷ്യന് അന്യമായിക്കൊണ്ടിരിക്കുന്ന മൂല്യ ബോധത്തിലേയ്ക്ക് 'പ്രേമസംഗീതം' എന്ന കവിത ചൂണ്ടുപലകയാകുന്നുണ്ടോ ? പരിശോധിക്കുക.

16 പി. കുഞ്ഞിരാമൻ നായരുടെ കവിതകളിൽ പ്രകടമാകുന്ന കേരളീയത 'കളിയച്ഛൻ' എന്ന കവിതയെ ആസ്പദമാക്കി വിലയിരുത്തുക.

17 'തീക്ഷ്ണമായ ആക്ഷേപഹാസ്യം എൻ.വി. കൃഷ്ണവാര്യരുടെ കവിതയെ പ്രതികാല്പനികമാക്കുന്ന പ്രധാന ഘടകമാണ് 'കൊച്ചുതൊമ്മ'നെ അടിസ്ഥാനമാക്കി പരിശോധിക്കുക.

18 'ക്ഷോഭിക്കുന്ന യുവത്വത്തിന്റെ വിഭ്രാമകമായ അസ്വസ്ഥതകളാണ് എ. അയ്യപ്പന്റെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും കവിതകളുടെ ശക്തി'—പാഠ്യഭാഗത്തെ കവിതകളെ അടിസ്ഥാനമാക്കി നിരൂപിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 83903 (Pages : 4 + 2 = 6) Name....................................

Reg. No..................................

# M.A. (PREVIOUS) DEGREE (CBCSS) EXAMINATION, APRIL/MAY 2020

(PVT/SDE)

M.A. Malayalam–First Semester

MAL 1C 01—പ്രാചീന-മധ്യകാല കവിത (ANCIENT–MEDIEVAL POETRY)

(2019 Admissions)

**Part A**

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (a), (b), (c) and (d) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

## MAL 1C 01—പ്രാചീന-മധ്യകാല കവിത (ANCIENT–MEDIEVAL POETRY)

### Part A

1. പുലിമറഞ്ഞ തൊണ്ടച്ചൻ ആര് ?
   (a) കാരിത്തെയ്യം.
   (b) മുത്തപ്പൻ തെയ്യം.
   (c) ചോപ്പൻ തെയ്യം.
   (d) ഉച്ചിട്ട.
2. വാരമൊഴിക്കവിതാപഠനത്തിൽ പ്രയോജനപ്പെടുത്താവുന്ന നൂതന വിമർശന സരണികളിലൊന്ന് :
   (a) പാഠപഠനം.
   (b) ശൈലിപഠനം.
   (c) നാടോടി വിജ്ഞാനീയം.
   (d) വ്യക്തിത്വപഠനം.
3. ആരോമൽ ചേകവരുടെ മരണ കാരണം :
   (a) അരിങ്ങോടരുടെ വെട്ടേറ്റ്.
   (b) മച്ചുനൻ ചന്തുവിന്റെ ചതി.
   (c) ഉണ്ണിയാർച്ചയുടെ പക.
   (d) ഒളിവാള്ള് കൊണ്ടുള്ള വെട്ടേറ്റ്.
4. ചെങ്ങനൂരാതിയുടെ ഗുരു :
   (a) ചങ്ങനൂരപ്പൻ.
   (b) വില്ലുവനച്ചൻ.
   (c) കരിയം പണിക്കൻ.
   (d) കാട്ടു പുള്ള്.
5. ഒരു പാട്ടിന്റെ നാലു പാദങ്ങളിലേയും പ്രഥമാക്ഷരത്തിന്റെ മാത്ര ഒന്നായിരിക്കണമെന്ന് നിഷ്ക്കർഷിക്കുന്ന ശബ്ദാലങ്കാരം :
   (a) എതുക.
   (b) മോന.
   (c) അനുപ്രാസം.
   (d) അന്ത്യാക്ഷരപ്രാസം.
6. മേഘനാദൻ എന്ന നാമത്തിന്റെ തമിഴ് രൂപാന്തരം :
   (a) മിന്നലൊളിവായൻ.
   (b) മന്നവകേശൻ.
   (c) ഇടിക്കുറലൻ.
   (d) നൂറ്റുകണ്ണി.
7. രാമചരിതത്തെ സ്വാധീനിച്ചതായി പറയപ്പെടുന്ന ഒരു സംസ്കൃതനാടകം :
   (a) അഭിജ്ഞാന ശാകുന്തളം.
   (b) മാളവികാഗ്നിമിത്രം.
   (c) ആശ്ചര്യ ചൂഡാമണി.
   (d) ഉത്തരരാമചരിതം.
8. മലയാളത്തിലെ ഒന്നാമത്തെ ദാർശനിക ഗ്രന്ഥം :
   (a) അദ്ധ്യാത്മ രാമായണം.
   (b) ഹരിനാമ കീർത്തനം.
   (c) ഭാഷാഭഗവദ് ഗീത.
   (d) ദർശനമാല.

CHMK LIBRARY UNIVERSITY OF CALICUT

9. രാമായണനാടകത്രയങ്ങളുടെ കർത്താവ് :

(a) സി.എൻ. ശ്രീകണ്ഠൻ നായർ. (b) ആർ. ശ്രീകണ്ഠൻ നായർ.

(c) ടി.എൻ. ഗോപിനാഥൻനായർ. (d) തിക്കോടിയൻ.

10. ഭക്തി പ്രസ്ഥാനത്തിലെ പ്രധാന ജനകീയ ദൗത്യം :

(a) പുരാണങ്ങൾ പ്രചരിപ്പിക്കുക.

(b) നാമസങ്കീർത്തനത്തിലൂടെ ഈശ്വര സാക്ഷാത്ക്കാരം നേടുക.

(c) സവർണ്ണ സംസ്ക്കാരം പ്രചരിപ്പിക്കുക.

(d) ക്ഷേത്രങ്ങൾ ജനപ്രിയമാക്കുക.

11. എഴുത്തച്ഛൻ ആവിഷ്ക്കാര പ്രതിസന്ധി മറി കടക്കാൻ കണ്ട ഉപായം :

(a) സരസ്വതിയെ സ്തുതിക്കുക. (b) പരിഭാഷയെ ആശ്രയിക്കുക.

(c) കിളിയെക്കൊണ്ട് പാടിക്കുക. (d) സ്വന്തം പേര് വെളിപ്പെടുത്താതിരിക്കുക.

12. എഴുത്തച്ഛൻ അവസാന നാളുകൾ കഴിച്ചു കൂട്ടിയത് :

(a) തൃക്കണ്ടിയൂർ ഗുരുകുലത്തിൽ. (b) ചെമ്പഴന്തി ആശ്രമത്തിൽ.

(c) ചിറ്റൂർ തുഞ്ചൻ മഠത്തിൽ. (d) പമ്മന ആശ്രമത്തിൽ.

13. പൂന്താനം കവിതയിലെ സ്ഥായിഭാവം :

(a) ഭക്തി. (b) വിഭക്തി.

(c) സാമൂഹ്യവിമർശനം. (d) ദുഃഖം.

14. ഭാഷാനൈഷധ ചമ്പുവിന്റെ കർത്താവ് :

(a) പുനം. (b) മഴമംഗലം.

(c) ഉണ്ണായി വാരിയർ. (d) ചേലപ്പറമ്പ്.

15. കേരളത്തിലെ മഹാക്ഷേത്രങ്ങൾ ബ്രാഹ്മണനിർമ്മിതിയല്ലെന്ന് സ്ഥാപിച്ച പണ്ഡിതൻ :

(a) ഇളംകുളം കുഞ്ഞൻപിള്ള. (b) പുത്തേഴത്ത് രാമൻ മേനോൻ.

(c) എം.ജി.എസ്സ്. നാരായണൻ. (d) ഇ.എം.എസ്സ്.

16. ഉണ്ണുനീലി സന്ദേശത്തിലെ നായികാഗ്രഹം :

(a) പൊയിലം. (b) വീരമാണിക്കം.

(c) കാവിട്. (d) കരിപ്പുങ്കുള കൊട്ടാരം.

17. ക്ഷേത്ര ഐതിഹ്യങ്ങൾ ഇതിവൃത്തമായി സ്വീകരിച്ച് ചമ്പുക്കൾ രചിച്ച കവി :

(a) നീലകണ്ഠ കവി. (b) കേരളല്ലൂർ സോമയാജി.

(c) മേൽപത്തൂർ. (d) ചേലപ്പറമ്പ്.



CHMK LIBRARY UNIVERSITY OF CALICUT

18. ബദറുൽ മുനീർ ഹുസ്നുൽ ജമാൽ രചിച്ച മാപ്പിള മഹാകവി :

(a) കുഞ്ഞായിൽ മുസലിയാർ. (b) ശുജായി മൊയ്തീൻ മുസലിയാർ.

(c) മൊയ്തീൻകുട്ടി വൈദ്യർ. (d) വ്യാജമുഹിയുദ്ദീൻ.

19. പെരുമാളിന്റെ മതം മാറ്റ കഥ സൂചിപ്പിക്കുന്ന മാപ്പിളപ്പാട്ട് :

(a) പടപ്പാട്ട്. (b) മാലപ്പാട്ട്.

(c) മലപ്പുറം പാട്ട്. (d) ബദർപാട്ട്.

20. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയുടെ മഹാകാവ്യം :

(a) വേദവിഹാരം. (b) ശ്രീയേശു വിജയം.

(c) ഇസ്രായേൽ വംശം. (d) ക്രിസ്തു ചരിതം.

CHMK LIBRARY UNIVERSITY OF CALICUT

**C 83903** **(Pages : 2)** **Name..........................................**

**Reg. No......................................**

## M.A. (PREVIOUS) DEGREE (CBCSS) EXAMINATION, APRIL/MAY 2020

(PVT/SDE)

M.A. Malayalam–First Semester

MAL 1C 01—**പ്രാചീന-മധ്യകാല കവിത** (ANCIENT–MEDIEVAL POETRY)

(2019 Admissions)

Time : Three Hours Maximum : 30 Weightage

**Part B**

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 "ഹൃഷ്ടനായുള്ളവനോടും കിതവനോടും

ദുഷ്ടനോടും കൂടി നന്നല്ല ദേവനം"

—ആരുടെ വാക്കുകൾ ? സന്ദർഭമേത് ? വിശദമാക്കുക.

2 ചെങ്ങന്നൂരാതിയെ അഭ്യാസമുറകൾ പഠിപ്പിക്കുവാൻ കരിയാപണിക്കർ തയ്യാറാകുന്നത് ഏത് സാഹചര്യത്തിലാണ് ?

3 "മാരകമ്പമൊഴിപ്പാനായ്

ക്കാമുകീസേവി കാമുകം

കാമുകം കൂട്ടമീടിന്റെ

വാഹ്യോദ്യാനാന്ധകാരിതം"

—ഈ വരികളിലെ ശബ്ദാലങ്കാരഭംഗി വിശദീകരിക്കുക.

4 "കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ

കാന്തമാർ കാന്തിയും മങ്ങുമല്ലോ"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

5 "കപാലേ മാർജ്ജാരഃ പയ ഇതി കരാൻ ലേഢി ശശിന-

സ്തരുച്ഛിദ്രപ്രോതാൻ ബിസ ഇതി കരീ സംവലയതി

രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യംശുകമിതി

പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി"

—വ്യാഖ്യാനിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

6 "കടുത്തുള്ള കോപത്തോടങ്ങടുത്തു കൃഷ്ണനെച്ചെന്നു
തടുത്തു ദുർഭാഷണങ്ങളെടുത്തു തൂകിത്തുടങ്ങി"
—ആര് ? ആ ദുർഭാഷണങ്ങൾ എന്തെല്ലാമായിരുന്നു ?

7 "ഉല്ലംഘിതാജ്ഞന്മാരെക്കൊല്ലും സന്ദേഹമില്ല
ചൊന്നതാചരിപ്പോരിലുന്നതാ മമ പ്രീതി
—ആരുടെ വാക്കുകൾ ? ആജ്ഞ എന്തായിരുന്നു ? വിശദമാക്കുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക :

8 പല അവചപുരാവൃത്ത(Lower Myth)ങ്ങളിലും ഉച്ച പുരാവൃത്ത(Higher Myth)ത്തിന്റെ സാന്നിദ്ധ്യമോ, സ്വാധീനമോ പ്രകടമാണ്—'കുറത്തിത്തോറ്റ'ത്തെ മുൻനിർത്തി സമർത്ഥിക്കുക.

9 വടക്കൻപാട്ടുകളുടെ ഭാഷാപരവും ആഖ്യാനപരവുമായ സവിശേഷതകൾ അവലോകനം ചെയ്യുക.

10 'പുത്തൻപാന'യുടെ പന്ത്രണ്ടാംപദം ഒരു സ്വതന്ത്രകൃതിയാണെന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

11 പച്ച മലയാള പ്രസ്ഥാനത്തിൽപ്പെട്ട കൃതികളുടെ പ്രധാന സവിശേഷതകൾ എന്തെല്ലാം ? ഈ പ്രസ്ഥാനം മലയാളത്തിൽ പുഷ്ടി പ്രാപിക്കാതെ പോയതിന്റെ കാരണങ്ങൾ കണ്ടെത്തുക

12 സമകാലിക സമുദായത്തിലെ ദുഷ്പ്രവണതകളെ 'ജ്ഞാനപ്പാന'യിൽ പൂന്താനം വിമർശിച്ചിട്ടുള്ള തെങ്ങനെ ?

13 പ്രാചീന മണിപ്രവാള ചമ്പുക്കളും മധ്യകാല മണിപ്രവാള ചമ്പുക്കളും തമ്മിലുള്ള ഇതിവൃത്തപരവും ഭാഷാപരവുമായ സാദൃശ്യവൈസാദൃശ്യങ്ങൾ വെളിവാക്കുക.

14 രാജഭക്തിയും കൃഷ്ണഭക്തിയും ഏകത്ര സമ്മേളിക്കുന്ന കാവ്യമാണ് 'കുചേലവൃത്തം' —നിരൂപിക്കുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

15 വിവിധ ഉപാധികളുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ വാമൊഴിക്കവിതകളെ എങ്ങനെയെല്ലാം വിഭജിക്കാമെന്നും അവയുടെ മുഖ്യ സവിശേഷതകൾ എന്തെല്ലാമെന്നും വിശദമാക്കുക.

16 തമിഴ്-സംസ്കൃത ഭാഷകളുടെ സ്വാധീനം പാട്ടു പ്രസ്ഥാനത്തിൽപ്പെട്ട വിവിധ കൃതികളിൽ എങ്ങനെ, എത്രത്തോളം പ്രകടമാണെന്ന് വിലയിരുത്തുക.

17 കുഞ്ചൻ നമ്പ്യാർ സംസ്ക്കാരദൂഷകനാണ് എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ? വ്യക്തമാക്കുക.

18 'നളചരിത'ത്തിന്റെ ഏറ്റവും വലിയ സവിശേഷത അതിലെ നാടകീയതയാണ്-രണ്ടാം ദിവസത്തെ കഥയെ മുൻനിർത്തി സമർത്ഥിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT